ഉത്തരം

(എ, ബി) ഉണ്ട്. മരണപ്പെട്ട പ്രഭാകരൻ 15.5.1986-ൽ രാത്രി 8.15-ന് റോഡപകടത്തിൽപ്പെട്ട് പരിക്ക് പറ്റിയ നിലയിൽ പൊരുന്തമൺ എന്ന സ്ഥലത്ത് എം. സി. റോഡിൽ കാണപ്പെട്ടു. ശ്രീ. പ്രഭാകരൻ തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ ചികിൽസയിൽ ഇരിക്കവെ 19.5.1986 പകൽ 12.50-ന് ആണ് മൃതിയടഞ്ഞത്. കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്. കുറ്റക്കാരെ തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല.

(സി) അന്വേഷണ റിപ്പോർട്ട് കിട്ടിയാൽ ആവശ്യമാണെന്നു കാണുന്നപക്ഷം കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുന്നതാണ്.

സുദേവന്റെ സംശയകരമായ മരണം

736 [866] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിലെ മാവിള വീട്ടിൽ ചക്രപാണിയുടെ മകൻ സുദേവൻ 1985 ഒക്ടോബർ 21-ാം തീയതി സംശയകരമായി മരണപ്പെട്ടതിനെ സംബന്ധിച്ചുള്ള ക്രൈം ബ്രാഞ്ച് അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ കേസുമായി ബന്ധപ്പെട്ട എത്രപേരെ അറസ്റ്റ് ചെയ്തു എന്ന് വ്യക്തമാക്കാമോ;

(സി) ഈ കേസ് തെളിയിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റിപ്പോർട്ട് ലഭിച്ചിട്ടില്ല. അന്വേഷണം ഊർജ്ജിതമായി നടക്കുന്നുണ്ട്.

(ബി) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

സിനിമാ തിയേറ്ററുകളിൽ നിലച്ചിത്രങ്ങളുടെ പ്രദർശനം

737 [867] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല സിനിമാ തിയേറ്ററുകളിലും നീല ചിത്രങ്ങൾ പ്രദർശിപ്പിച്ചുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൻമേൽ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) മുൻപ് പ്രദർശിപ്പിച്ചിരുന്നതായി റിപ്പോർട്ടുണ്ട്. എന്നാൽ ഇപ്പോഴം പ്രദർശിപ്പിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. 23 കേസുകളം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 63 പേരെ അറസ്റ്റുചെയ്തിട്ടുണ്ട്.

അശ്ലീല പോസ്റ്ററുകളം ഒട്ടിക്കുന്നതായി പരാതി

738 [868] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി ഉൾപ്പെടെ പല ഭാഗങ്ങളിലും അശ്ലീല പോസ്റ്ററുകളം ഒട്ടിക്കുന്നതായി പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അശ്ലീല പോസ്റ്റർ ഒട്ടിക്കുന്നത് തടയുവാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ നടപടികളം സ്വീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടന്ന ലാത്തിച്ചാർജുകളം

739 [871] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഏതെല്ലാം സ്ഥലങ്ങളിൽ ലാത്തിച്ചാർജ് നടത്തിയിട്ടുണ്ട്;

(ബി) ഇതിൻഫലമായി എത്രപേർക്ക് പരുക്കേറ്റിട്ടുണ്ട്?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ സെക്രട്ടേറിയറ്റിനു മുൻപിലും പേരൂർക്കടയിലും ഗവ. ആർട്സ് കോളേജിനു മുൻപിലും കൊല്ലം ജില്ലയിൽ പുതിയകാവ്, ശങ്കുതികുളങ്ങര, എസ്. എൻ. കോളേജ് മുക്ക്, സിവിൽ സ്റ്റേഷൻ പരിസരം എന്നിവിടങ്ങളിലും പത്തനംതിട്ട ജില്ലയിൽ റാന്നി വലിയപള്ളി പരിസരത്തും ആലപ്പുഴ ജില്ലയിൽ പഴയ ഡി. സി. സി. ആഫീസിനു മുൻവശത്തും എറണാകുളം ജില്ലയിൽ കളമശ്ശേരി, നെടുങ്കാട് എന്നീ സ്ഥലങ്ങളിലും തൃശൂർ ജില്ലയിൽ അയ്യന്തോൾ, ചേലക്കര എന്നീ സ്ഥലങ്ങളിലും വയനാട് ജില്ലയിൽ വയനാടും ആണ് ലാത്തിച്ചാർജ് നടന്നിട്ടുള്ളത്.

(ബി) 90 പോലീസുദ്യോഗസ്ഥൻമാർ ഉൾപ്പെടെ 462 പേർക്ക് പരിക്കേറ്റു.

LIBRARY ARCHIVES Kerala Legislative Assembly